# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

## റവന്യൂ വരുമാനം

1695

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തിൽ ലഭിച്ച റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; തൊട്ടു മുൻപുള്ള സാമ്പത്തിക വർഷത്തേക്കാൾ ഇത് എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ; കുറവാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 2011-2012 സാമ്പത്തിക വർഷം മൂലധന നിക്ഷേപത്തിൽ കൂടുതൽ തുക നിക്ഷേപിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഓവര്‍ ഡ്രാഫ്റ്റ്</u>

1696 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2010-2011, 2011-2012 എന്നീ സാമ്പത്തിക വര്‍ഷങ്ങളില്‍ സംസ്ഥാന സര്‍ക്കാര്‍ എത്ര ദിവസം വീതം ഓവര്‍ ഡ്രാഫ്റ്റിലായി ; എത്ര ദിവസം വെയ്സ് ആന്റ് മീന്‍സ് അഡ്വാന്‍സ് എടുക്കുകയുണ്ടായി ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ

1697 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് ; വിശദമാക്കുമോ ;

(ബി) സെല്ലിൽ വെബ്സൈറ്റിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റ് വഴി ലഭിക്കുന്നത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് ഈ സൈറ്റ് പ്രവർത്തിക്കുന്നത് ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റ് നവീകരണം</u>

1698 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റ് നവീകരണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ; എങ്കിൽ എത്ര നാളുകൾക്കുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വാളയാർ ചെക്ക് പോസ്റ്റിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്</u>

1699 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നിയോജക മണ്ഡലം ആസ്തി വികസനഫണ്ട് സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) എത്ര നാളുകൾക്കുള്ളിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേക്കാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ബാങ്ക് നിക്ഷേപകരുടെ സുരക്ഷിതത്വം

1700 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്ക് നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(സി) നിക്ഷേപങ്ങളുടെ കാര്യത്തിൽ കബളിപ്പിക്കലുകൾ തടയുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പുത്തൻ തലമുറ ബാങ്കുകളിൽ സർക്കാർ അക്കൗണ്ടുകളും നിക്ഷേപങ്ങളും</u>

1701 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ട്രഷറി അക്കൗണ്ടുകളും നിക്ഷേപങ്ങളും പുത്തൻതലമുറ ബാങ്കുകളിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യ പ്രതിബദ്ധതയുള്ള പൊതുമേഖലാ ബാങ്കുകളേയും ട്രഷറിയെയും ഒഴിവാക്കി സ്വകാര്യ ബാങ്കുകളെ സഹായിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ നടത്തിയ ഏതെങ്കിലും വിദഗ്ദ്ധ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനങ്ങൾ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) ട്രഷറി സ്ഥിരനിക്ഷേപം പൂർണ്ണമായോ ഭാഗികമായോ നിർത്തലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഐ.സി.ഐ.സി.ഐ, എച്ച്.ഡി.എഫ്.സി തുടങ്ങിയ പുത്തൻ തലമുറ ബാങ്കുകളിൽ സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും എടുത്ത അക്കൗണ്ടുകളും നിക്ഷേപങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നിക്ഷേപങ്ങൾ സംബന്ധിച്ച് ഇതിനകം സർക്കാർ ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധന</u>

1702 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് മൂലം എത്ര കോടി രൂപ അധിക നികുതി വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(സി) എത്രകോടി രൂപയുടെ നികുതി കുറവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>നികുതി അദാലത്തുകൾ</u>

1703 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നികുതി പിരിവിൽ ഉണ്ടായ പുരോഗതി വിശദീകരിക്കാമോ;

(ബി) നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) കൂടുതൽ നികുതിദായകരുള്ള ഭൂനികുതി, വസ്തുനികുതി, മോട്ടോർ വാഹനനികുതി പോലുള്ള നികുതികൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പകളുടെ പലിശ ബാധ്യത</u>

1704 ശ്രീ. സി. കെ. നാണു

,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2003 മുതൽ 2009 വരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ പലിശ ബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഇസ്ലാമിക് ബാങ്കിംഗ്

1705 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പലിശരഹിത ബാങ്കിംഗ് സമ്പ്രദായത്തിലൂന്നിയ ഇസ്ലാമിക് ബാങ്കിംഗ് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ</u>

1706 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ട് കേരളത്തിൽ ബ്രാഞ്ചുകൾ തുടങ്ങുന്ന ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്ത സംസ്ഥാനത്ത് സജീവ പ്രവർത്തനം നടത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇനിയെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ പ്രവർത്തിക്കാനായി അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കേന്ദ്ര കുറിനിയമം</u>

1707 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രകുറി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഈ മേഖലയിൽ ഉണ്ടാകാൻ പോകുന്നത്;

(ബി) ഇതിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുസംബന്ധിച്ച് ആർ.ബി.ഐ.യുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പൊതുമേഖലയിൽ നടത്തുന്ന കുറികളെ ഇത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത ചിട്ടിക്കമ്പനികൾ</u>

1708 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര ചിട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ വിവരം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയ്ക്കെതിരെ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഗവൺമെന്റ് കണ്ടെത്തിയ ഏതെങ്കിലും കമ്പനികൾ വീണ്ടും പ്രവർത്തനം തുടങ്ങിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ചിട്ടി നിയമം</u>

T1709

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചിട്ടി നിയമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ നിയമ പ്രകാരം അംഗീകാരം ഉള്ള ചിട്ടികൾ ഏതൊക്കെയാണെന്ന് പേര് സഹിതം വ്യക്തമാക്കുമോ;

(സി) നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന ചിട്ടികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പെട്രോൾ വിലവർദ്ധനവിലെ ഇളവുകൾ</u>

1710 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രസർക്കാർ പെട്രോളിന് എത്ര തവണ വില വർദ്ധിപ്പിച്ചു എന്നും ഓരോ തവണയും എത്ര രൂപ വീതം വർദ്ധിപ്പിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) ഈ വർദ്ധനവിൽ ഓരോ തവണയും എത്ര രൂപ വീതം സംസ്ഥാന സർക്കാർ ഇളവ് നൽകി എന്നും നൽകിയ ഇളവുകൾ ഇപ്പോഴും തുടരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇളവുകൾ എന്തുകാരണത്താലാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്വാകര്യ ബാങ്കുകൾ വഴി ശമ്പളവും പെൻഷനും</u>

1711 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും സ്വകാര്യ ബാങ്കുകളിലൂടെ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം എടുക്കാനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ വേതനം</u>

1712 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോസ്റ്റാഫീസുകളിൽ അലവൻസ്, ബോണസ് എന്നീ ആനുകൂല്യങ്ങൾ ലഭിക്കാതെ ജോലി ചെയ്യുന്ന ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ(മഹിളാപ്രധാൻ ഏജന്റുകൾ) വേതനം കാലോചിതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഈ മേഖലയിൽ പണിയെടുക്കുന്ന ഏജന്റുമാരുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കേരള നാഷണൽ സേവിംഗ്സ് സർവ്വീസിൽ ഒഴിവുള്ള തസ്തികകൾ

1713 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യവകുപ്പിനു കീഴിലുള്ള കേരള നാഷണൽ സേവിംഗ്സ് സർവ്വീസിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ്-ന്റെ എത്ര തസ്തികകളിലാണ് ഇപ്പോൾ ഒഴിവുള്ളത്;

(ബി) പ്രസ്തുത തസ്തികകളിൽ ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർമാരിൽ നിന്നും സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ ഉദ്യോഗസ്ഥരിൽ നിന്നും കൂടാതെ നേരിട്ടുള്ള നിയമനം മുഖേനയും എത്ര ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുള്ളത് ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് പോളിസി</u>

1714 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പേരിലുള്ള പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് പോളിസികളുടെ പ്രീമിയം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ;

(ബി) ഇപ്രകാരം ഒരു സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് നിഷേധിക്കുന്ന ഓഫീസ് തലവന്മാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അഞ്ച് വർഷത്തേക്ക് ഒരു മണ്ഡലത്തിന് 25 കോടി</u>

1715 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷത്തേക്ക് ഒരു മണ്ഡലത്തിൽ 25 കോടി എന്ന തോതിൽ ആസ്ഥി വികസന ഫണ്ട് അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ, എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എം.എൽ.എ മാർ ആർക്കാണ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഡി) വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ;

(എഫ്) 5 വർഷത്തെ പദ്ധതികൾ ഒന്നായി നിർദ്ദേശിക്കാൻ എം.എൽ.എ മാർക്ക് അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മാര്‍ക്കറ്റ് ഇന്റര്‍വെന്‍ഷന്‍ ഓപ്പറേഷന്‍</u>

1716 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2009-10, 2010-11, 2011-12, എന്നീ വര്‍ഷങ്ങളില്‍ മാര്‍ക്കറ്റ് ഇന്റര്‍വെന്‍ഷന്‍ ചെലവ് (സപ്ലൈകോ, കണ്‍സ്യൂമര്‍ഫെഡ് എന്നിവയ്ക്കുള്ള സബ്സിഡി, റേഷന്‍ സബ്സിഡി, നെല്ല് സംഭരണം എന്നീ ഇനങ്ങളിന്മേലുള്ള വിപണി ഇടപെടല്‍ എന്നിവയ്ക്ക് ) വര്‍ഷവും ഇനവും തിരിച്ച് നല്‍കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

കേരള സ്വയംസംരംഭക വികസന മിഷൻ

1717 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്വയംസംരംഭക വികസന മിഷൻ സംസ്ഥാനത്ത് ഒരു ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും അഞ്ചുലക്ഷം പരോക്ഷ തൊഴിലും ഉറപ്പാക്കുമെന്ന് വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ഇതിനകം ചെലവാക്കിയത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതികളുടെ ഗുണഭോക്താക്കളെ ഏത് മാനദണ്ഡത്തിലാണ് തെരഞ്ഞെടുത്തത്; ഇതിനകം തെരഞ്ഞെടുക്കപ്പെട്ടവരുടെ ജില്ല തിരിച്ചുളള എണ്ണം വ്യക്തമാക്കാമോ;

(ഡി) ഇതിനകം എത്രപേർക്ക് പരിശീലനം നൽകുകയുണ്ടായി; പരിശീലനം ലഭിച്ച എത്രപേർക്ക് കെ.എഫ്.സി. പലിശരഹിത വായ്പ ലഭ്യമാക്കുകയുണ്ടായി; എത്ര സംരംഭങ്ങൾ നിലവിൽ വരുകയുണ്ടായി; ഇവരുടെ പലിശ ഇനത്തിൽ സർക്കാർ എന്തു തുക കെ.എഫ്. സി.ക്ക് നൽകുകയുണ്ടായി എന്നതിന്റെ വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്വയംസംരംഭക മിഷന്‍</u>

1718 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന സ്വയംസംരംഭക മിഷന്റെ കീഴില്‍ രജിസ്റ്റര്‍ ചെയ്തതും പരിശീലനം ലഭ്യമായതും ആയ കുട്ടനാട്ടിലെ പഞ്ചായത്തുകളില്‍ നിന്നുള്ള യുവാക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ കീഴില്‍ കുട്ടനാട്ടില്‍ ഏതെല്ലാം ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ സംരംഭങ്ങള്‍ക്ക് എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ജി. എസ്. ടി. നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധന</u>

1719 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധന പ്രതീക്ഷിക്കുന്നുണ്ടോ; ആദ്യവർഷം എത്ര ശതമാനം അധികവർദ്ധനയാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാറ്റ് നികുതി ഉയർത്തിയത് മൂലം തന്നാണ്ടിൽ എന്തു തുക അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ടോക്കണ്‍ പ്രൊവിഷനുള്ള പൊതുമരാമത്ത് പ്രവൃത്തികള്‍</u>

1720 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 ബഡ്ജറ്റില്‍ ഉള്‍പ്പെടുന്ന നൂറ് രൂപാവീതം ടോക്കണ്‍ അഡ്വാന്‍സ് നിര്‍ദ്ദേശിച്ച പൊതുമരാമത്ത് പ്രവൃത്തികള്‍ക്ക് എത്ര നാള്‍ക്കകം ഭരണാനുമതി ലഭിച്ചില്ലെങ്കിലാണ് പ്രവൃത്തി ലാപ്സാകുന്നത്;

(ബി) ഈ പ്രവൃത്തികളുടെ ടോക്കണ്‍ അഡ്വാന്‍സ് ആയിരം രൂപയാക്കി മാറ്റിക്കിട്ടാന്‍ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്;

(സി) പ്രവൃത്തി കാരി ഓവര്‍ ചെയ്തുപോകുവാന്‍ കുറഞ്ഞത് എത്ര രൂപയുടെ ടോക്കണ്‍ അഡ്വാന്‍സ് ആണ് ഉണ്ടായിരിക്കേണ്ടത്?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന ലോട്ടറി തടയാന്‍ നടപടി</u>

1721 ശ്രീ. ജോസഫ് വാഴക്കന്‍
,, കെ. മുരളീധരന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് അന്യ സംസ്ഥാന ലോട്ടറികള്‍ നിരോധിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെങ്കില്‍ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ലോട്ടറികളാണ് നിരോധിച്ചതെന്ന് വിശദമാക്കുമോ ;

(സി) അന്യസംസ്ഥാന ലോട്ടറികള്‍ വില്‍ക്കുന്നത് കര്‍ശനമായി തടയാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന ലോട്ടറികൾ</u>

1722 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോട്ടറികൾക്ക് ഇപ്പോൾ സംസ്ഥാനത്ത് അനുമതി നൽകുന്നുണ്ടോ;

(ബി) അന്യസംസ്ഥാന ലോട്ടറി നിരോധനം മൂലം ലോട്ടറി വിൽപ്പനക്കാരിൽ തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ലോട്ടറി നടത്തിപ്പിലെ പുരോഗതി</u>

1723 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ലോട്ടറി നടത്തിപ്പിൽ എന്തെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ട്;

(ബി) ഇക്കാലയളവിൽ ലോട്ടറി വില്പന വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ട്;

(സി) ലോട്ടറി നറുക്കെടുപ്പുകൾക്ക് എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദാംശങ്ങൾ നൽകുമോ;

(എ) ഏതെല്ലാം ലോട്ടറികളാണ് പുതുതായി തുടങ്ങിയത്; ഇവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലെന്റ് ഫണ്ടിൽ നിന്നും കുട്ടനാട് താലൂക്കിൽ നൽകിയ ചികിത്സാ ധനസഹായം</u>

1724 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലെന്റ് ഫണ്ടിൽ നിന്നും കുട്ടനാട് താലൂക്കിലെ എത്ര അപേക്ഷകർക്ക് എത്ര തുകവീതം ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്;

(ബി) ജില്ലാതല കമ്മിറ്റിക്ക് മുൻപാകെ കുട്ടനാട്ടിൽ നിന്നുള്ള എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പുകൽപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഭാഗ്യക്കുറിയുടെ പാക്കിംഗ് വിതരണ സംവിധാനങ്ങൾ

1725 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഗ്യക്കുറി വകുപ്പിൽ പ്രസ്സുകളിൽ അച്ചടിക്കുന്ന ടിക്കറ്റുകൾ പാക്ക് ചെയ്യുവാനും ജില്ലാ ആഫീസുകളിൽ വിതരണം ചെയ്യുവാനും നിലവിലുള്ള സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വകുപ്പിൽ ഈ ജോലികൾ നിർവ്വഹിക്കുന്ന അറ്റന്റർ -കം-പാക്കർ തസ്തികയിലെ ജീവനക്കാരുടെ എണ്ണം എത്രയാണ് ;

(സി) ടിക്കറ്റുകൾ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നതിന് നിലവിലുള്ള ജീവനക്കാരെ ഒഴിവാക്കി മറ്റാരെയെങ്കിലും ചുമതല ഏൽപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) വകുപ്പ് ആരംഭിച്ച കാലം മുതൽ കാര്യക്ഷമമായും കുറ്റമറ്റരീതിയിലും വകുപ്പിലെ തന്നെ ജീവനക്കാർ നേരിട്ട് ചെയ്തുവരുന്ന ഈ ജോലി പുറമെയുള്ളവരെ ഏൽപ്പിക്കുവാനുള്ള നടപടികൾ ഒഴിവാക്കുമോ;

(ഇ) ഇപ്രകാരമുള്ള ജോലികൾ പുറമെ ഏൽപ്പിക്കുന്നതു വഴി ജീവനക്കാരുടെ നിലനിൽപ്പിനെ ബാധിക്കുന്ന നടപടികൾ ഒഴിവാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കാരുണ്യാ ചികിത്സാ ധനസഹായ പദ്ധതി</u>

1726 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ചികിത്സാ ധനസഹായ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്ന ആശുപത്രികളിൽ നിലവിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെട്ടിട്ടുണ്ട് ;

(ബി) കൂടുതൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ബഹു. ധനകാര്യ വകുപ്പു മന്ത്രി നേരിട്ട് ധനസഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ ആയതിലേയ്ക്ക് സമർപ്പിക്കേണ്ടുന്ന രേഖകൾ എന്തൊക്കെയാണ് ; എത്ര രൂപ വരെയാണ് അനുവദിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കോഴിയിറച്ചിയുടെ അനധികൃത വരവ്</u>

1727 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കോഴിയും കോഴിയിറച്ചിയും നിയമവിരുദ്ധമായി കൊണ്ടുവരുന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തുനിന്നും വരുന്ന കോഴിയിറച്ചിക്ക് താങ്ങുവില</u>

1728

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തു നിന്നും വരുന്ന കോഴികൾക്ക് കിലോഗ്രാമിന് 70 രൂപ എന്ന സ്ഥിരമായ നിരക്ക് വാണിജ്യ നികുതി കമ്മീഷണർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരളത്തിനകത്ത് ഉല്പാദിപ്പിക്കുന്ന കോഴികൾക്കും 70 രൂപ എന്ന രീതിയിൽ വില നിശ്ചയിക്കുന്നത് വിലവർദ്ധനവിന് ഇടവരും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിന് പുറത്തുനിന്നും വരുന്ന കോഴികൾക്കു മാത്രം താങ്ങുവിലയും നികുതിയും നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ കോഴി കർഷകർക്ക് 13.5% എന്ന നികുതി നിർദ്ദേശം പുനപരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>നേമം നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1729 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) എങ്കിൽ അതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുവദിച്ചിട്ടുള്ള തീയതി എന്നിവ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

1730 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി എത്ര തുക ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്;

(ബി) എങ്കിൽ ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, അനുവദിച്ചിട്ടുള്ള തീയതി എന്നിവ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

നേമം നിയോജകമണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

1731 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ ധനകാര്യ വകുപ്പ്, മേജർ ഇറിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, അനുവദിച്ചിട്ടുള്ള തീയതി തുടങ്ങിയ എല്ലാ ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ട്രഷറി സ്ഥിര നിക്ഷേപം</u>

1732 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലേയ്ക്ക് 3 വർഷമോ അതിൽ കൂടുതലോ ഉള്ള സ്ഥിരനിക്ഷേപം ക്യാൻവാസ് ചെയ്യുന്ന ജീവനക്കാർക്ക് കമ്മീഷൻ നൽകുന്ന രീതി നിലവിലുണ്ടോ ;

(ബി) 2011-2012 സാമ്പത്തിക വർഷത്തിൽ ഇതേവരെ എത്ര തുക ട്രഷറി സ്ഥിരനിക്ഷേപമായി ലഭിച്ചുവെന്നും എത്ര തുക കമ്മീഷനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഈ നിക്ഷേപങ്ങൾ 1 വർഷം കഴിഞ്ഞ് പിൻവലിച്ച് മറ്റ് ട്രഷറികളിൽ നിക്ഷേപിച്ച് വീണ്ടും കമ്മീഷൻ വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വടകര ട്രഷറിയിൽ പെൻഷൻകാർക്ക് പ്രത്യേക കൗണ്ടർ</u>

1733 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര ഗവൺമെന്റ് ട്രഷറിയിൽ ഇപ്പോഴുള്ള ഇടപാടുകാരുടെ ബാഹുല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തിരക്കിൽ നിന്നും പെൻഷൻകാരെ ഒഴിവാക്കുന്നതിന് പെൻഷൻകാർക്ക് മാത്രമായി ഒരു കൗണ്ടർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

പഴയങ്ങാടി ട്രഷറി കെട്ടിടം

1734 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടിയിൽ ട്രഷറി കെട്ടിടനിർമ്മാണത്തിന് ഇൻകെലുമായി കരാർ ഒപ്പിട്ടതെപ്പോഴാണ് ;

(ബി) ട്രഷറിയുടെ നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ് ; എന്ന് പ്രവർത്തി ആരംഭിക്കാൻ കഴിയും ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പാലമേൽ സബ് ട്രഷറി</u>

1735 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പാലമേൽ അനുവദിച്ചിട്ടുള്ള സബ് ട്രഷറി അടിയന്തിരമായി ആരംഭിക്കുമെന്ന് ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആയതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ പഞ്ചായത്ത് നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രഷറി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; ആവശ്യമായ തസ്തിക സൃഷ്ടിച്ചില്ലെങ്കിൽ അടിയന്തിരമായി തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകിക്കുമോ;

(ഡി) ഇതോടൊപ്പം അനുവദിച്ചിട്ടുള്ള ട്രഷറികൾ പ്രവർത്തനമാരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാലമേൽ സബ് ട്രഷറി അടിയന്തിരമായി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കുന്ദമംഗലത്ത് സബ്ട്രഷറി അനുവദിക്കാൻ നടപടി</u>

1736 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിർത്തലാക്കിയ ഏകാംഗട്രഷറിക്ക് പകരം സബ്ട്രഷറി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് സാമ്പത്തിക വർഷമാണ് സബ് ട്രഷറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മക്കരപറമ്പിൽ കെ.എസ്.എഫ്.ഇ യുടെ ഒരു ബ്രാഞ്ച്</u>

1737 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മക്കരപറമ്പ ഗ്രാമപഞ്ചായത്തിലെ മക്കരപറമ്പിൽ കെ.എസ്.എഫ്.ഇ യുടെ ഒരു ബ്രാഞ്ച് തുടങ്ങണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പൂതക്കുളത്ത് കെ.എസ്.എഫ്.ഇ. ബ്രാഞ്ച്</u>

1738 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ യുടെ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ നടപടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ബ്രാഞ്ച് ആരംഭിക്കുന്നതിലേക്കായി അപേക്ഷ ലഭിച്ചിരുന്നുവോ;

(സി) എങ്കിൽ അപേക്ഷയിൻമേൽ അനുകൂല നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കെ. എസ്. എഫ്. ഇ. സ്റ്റാഫ് പാറ്റേൺ പുനഃസംഘടന</u>

1739 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ.യിൽ സ്റ്റാഫ് പാറ്റേൺ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്റ്റാഫ് പാറ്റേൺ പുനഃസംഘടിപ്പിക്കുകയാണെങ്കിൽ കെ. എസ്. എഫ്. ഇ.യിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിഷ്ക്കാരം വഴി കെ. എസ്. എഫ്. ഇ.യിൽ നിലവിലുള്ള എതെല്ലാം തസ്തികകൾ ഇല്ലാതാകും; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ യിൽ ഓഫീസ് അറ്റൻഡന്റ്മാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ</u>

1740 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യിൽ ഓഫീസ് അറ്റൻഡന്റ്മാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ എന്തനുപാതത്തിലാണ് നൽകി വരുന്നത്; ഈ അനുപാതം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള അനുപാതം കണക്കാക്കിയാൽ തസ്തിക മാറ്റം വഴിയുള്ള ജൂനിയർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണുള്ളത്;

(സി) കെ.എസ്.എഫ്.ഇ യിലെ നിലവിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണുള്ളത്; ഇത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>'ഈ-സ്റ്റാമ്പിംഗ് ' സംവിധാനത്തിന്റെ പ്രയോജനങ്ങൾ</u>

T 1741 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ഷാഫി പറമ്പിൽ
'' എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഈ-സ്റ്റാമ്പിംഗ് ' സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ;

(സി) വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ ഇത് നടപ്പാക്കാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഇ-സ്റ്റാമ്പിംങ്ങ് സംവിധാനം</u>

T1742 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് സൗകര്യം സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഇതിനകം സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്;

(സി) കേന്ദ്ര ഗവൺമെന്റ് സഹായം ഇക്കാര്യത്തിൽ ലഭ്യമായിട്ടുണ്ടോ; കേന്ദ്ര സഹായ പദ്ധതി നിലവിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇ-സ്റ്റാംമ്പിംഗ് സൗകര്യം പൂർണ്ണമായി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട്</u>

1743 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനായി നിയോഗിച്ച ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ലഭ്യമായിട്ടുണ്ടെങ്കിൽ പ്രധാന നിയമനങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം നിയമങ്ങൾ ആണ് അനിവാര്യമായും പരിഷ്ക്കരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമങ്ങൾ പരിഷ്ക്കരിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുളളത് ;

(സി) നിയമങ്ങൾ മാതൃഭാഷയിലേക്ക് തർജ്ജമ ചെയ്യുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; ഇനിയും തർജ്ജമ ചെയ്യപ്പെടാൻ അവശേഷിക്കുന്ന നിയമങ്ങൾ ഏതെല്ലാം എന്ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്;

(ഡി) ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരുടെ നിയമ പരിഷ്ക്കരണ റിപ്പോർട്ടിലെ ഏതെങ്കിലും നിയമം പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉളളതായി ശ്രദ്ധയിലുണ്ടോ ; ഏതെല്ലാം നിർദ്ദേശങ്ങളെ സംബന്ധിച്ചാണ് വിവാദങ്ങൾ ഉടലെടുത്തത് ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>നിയമപരിഷ്ക്കാര കമ്മീഷൻ</u>

1744 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമങ്ങളുടെ പരിഷ്ക്കരണവും ക്രോഡീകരണവും ലക്ഷ്യമിട്ട് മുൻസർക്കാരിന്റെ കാലത്ത് ഒരു നിയമപരിഷ്ക്കാര കമ്മീഷന് രൂപം നൽകിയിരുന്നോ;

(ബി) ഏതൊക്കെ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ നൽകാനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നത്;

(സി) ചുമതലപ്പെടുത്തിയ എല്ലാ കാര്യങ്ങളെക്കുറിച്ചും കമ്മീഷൻ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്തുവച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

1745 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്കും പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുമോ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ</u>

1746 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഭവനനിർമ്മാണ വായ്പ എടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ ഇനത്തിൽ കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സാഫല്യം പദ്ധതി</u>

1747 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വഴി വീട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സാഫല്യം ഭവനപദ്ധതി</u>

1748 ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാഫല്യം ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>മൈത്രി ഭവനവായ്പ</u>

1749 ശ്രീമതി. കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന വായ്പ എഴുതിത്തള്ളിയതിൽ മുഴുവൻ ഗഡുക്കളും വാങ്ങാതിരുന്നവരെ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ മുഴുവൻ ഗഡുക്കളും വാങ്ങാതിരുന്നവരുടെ വായ്പയും എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ലക്ഷംവീട് കോളനികളുടെ പുനഃരുദ്ധാരണം</u>

1750 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീട് കോളനികളുടെ പുനഃരുദ്ധാരണത്തിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, എത്ര കുടുംബങ്ങൾക്ക് ഇതിനോടകം ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എസ്.ഡി.ജി. യുടെ ആദ്യ ബാച്ചിൽ കൂടുതൽ തുക ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ശോചനീയാവസ്ഥയിലുളള ലക്ഷംവീട് കോളനികളുടെ സമ്പൂർണ്ണ പുനഃരുദ്ധാരണം എത്ര നാളുകൾക്കുളളിൽ പൂർത്തീകരിക്കുവാ നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിനായി എന്തെങ്കിലും പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ചാലക്കുടിയിൽ മൾട്ടിപർപ്പസ് ഷോപ്പിംഗ് കോപ്ലക്സ്

1751 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി ഹൗസിംഗ് ബോർഡിന്റെ വ്യാപാര പ്രധാന്യമുള്ള സ്ഥലത്ത് മൾട്ടിപർപ്പസ് ഷോപ്പിംഗ് കോപ്ലക്സ് ആരംഭിക്കുന്നതിന് പുതിയ ടെൻഡർ വിളിക്കുന്നതടക്കവുമുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഒരു മണ്ഡലത്തിൽ 5 കോടി രൂപയുടെ പദ്ധതി</u>

1752 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഒരു മണ്ഡലത്തിൽ 5 കോടി രൂപയുടെ പ്രവർത്തന പദ്ധതിയിൽ പി. ഡബ്ല്യു. ഡി. ഒഴികെയുള്ള മറ്റ് വിഭാഗങ്ങളിലെ സ്ഥിര ആസ്തി സൃഷ്ടിക്കുന്നതിനായി ഈ ഫണ്ട് ഉപയോഗിക്കാൻ പറ്റുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലങ്ങൾക്കായുള്ള ആസ്തി വികസന ഫണ്ട്</u>

1753 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും യിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലേയും ആസ്തിവികസന ഫണ്ടിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗൈഡ് ലൈൻ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരും, ഫോൺ നമ്പരും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും രോഗികൾക്ക് ധനസഹായം

1754 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിൽ ധനസഹായത്തിനുള്ള അപേക്ഷ നൽകി കാത്തിരിക്കുന്ന രോഗികൾക്ക് ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയ ആവശ്യമായി വന്നാൽ ധനസഹായം ഉടനടി നൽകുമോ; വിശദമാക്കുമോ;

(ബി) കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകുന്ന രോഗികൾക്ക് കുറഞ്ഞതും കൂടിയതുമായ എത്ര തുക അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിൽ എന്ത് തുക കാരുണ്യ ബനവലന്റ്ഫണ്ടിൽ ഇപ്പോൾ ഉണ്ട് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ കാരുണ്യ പദ്ധതി

1755 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയനുസരിച്ച് കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലെ ചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മംഗലാപുരത്തുള്ള ഏതെങ്കിലും ആശുപത്രിയെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണ് എന്ന് അറിയിക്കാമോ;

(സി) ജില്ലയിലെ കൂടുതൽ ആശുപത്രികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്താമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ചികിത്സാ പദ്ധതി</u>

1756 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചികിത്സാ ചെലവ് കൂടി വരുന്ന ഈ കാലത്ത് ബി. പി. എൽ,
എ. പി. എൽ വ്യത്യാസമില്ലാതെ എല്ലാ രോഗികൾക്കും ഒരു പോലെ കാരുണ്യാ ചികിത്സാ പദ്ധതി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ ട്രഷറി</u>

1757 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം കുടപ്പനകുന്ന് സിവിൽ സ്റ്റേഷനോടനുബന്ധിച്ച് ട്രഷറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സമ്പൂര്‍ണ്ണ പാര്‍പ്പിട പദ്ധതി</u>

1758 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സമ്പൂര്‍ണ്ണ പാര്‍പ്പിട പദ്ധതി ഇപ്പോള്‍ നിലവിലുണ്ടോ;

(ബി) എങ്കില്‍ അത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) 2011-12 വര്‍ഷത്തെ ബഡ്ജറ്റില്‍ സാഫല്യം ഭവന നിര്‍മ്മാണ പദ്ധതിക്കുവേണ്ടി എത്ര രൂപ വകകൊളളിച്ചിരുന്നു എന്നും ആ ഇനത്തില്‍ എത്ര രൂപ ചിലവഴിച്ചിട്ടുണ്ട് എന്നും എത്ര വീടുകള്‍ നിര്‍മ്മിച്ചു നല്‍കിയിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>എല്ലാവർക്കും വീട്</u>

1759 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭവനരഹിതരായ കുടുംബങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എല്ലാവർക്കും വീട് എന്ന പദ്ധതി സാക്ഷാത്കരിക്കാൻ എന്തെങ്കിലും കർമ്മപരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് ഭവന പദ്ധതി</u>

1760 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>എം.എൻ ലക്ഷം വീട് പദ്ധതി</u>

1761 ശ്രീ. മുല്ലക്കര രത്നാകരൻ
,, ജി.എസ്. ജയലാൽ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വന്നിരുന്ന എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി ഈ ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ട്;

(ബി) പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതിക്കുവേണ്ടി എത്ര തുക വീതം നീക്കിവച്ചുവെന്നും പൂർത്തിയാക്കിയ ഭവനങ്ങൾ എത്രയാണെന്നും വെളിപ്പെടുത്തുമോ ?